# അപ്പൂപ്പൻ താടി

2026



ഡി ആർ ഡി ഒ മലയാളം മിഷൻ



# അക്ഷരങ്ങളുടെ പിന്നിലെ മുഖങ്ങൾ

മാഗസിൻ കോർഡിനേറ്റർ : സൂര്യ ഒ വി

എഡിറ്റർ: നിമേഷ് ജി

സബ് എഡിറ്റേഴ്സ്:

രാഹുൽ ആർ എസ്
ജസ്സ പി
താഹിറ
രമ്യ സുമേഷ്
രജിത ഷിബു
ഉണ്ണികൃഷ്ണൻ
ശ്രീനിധി ചാത്തമത്

കവർ ചിത്രം: ആരിഫ ഫിറോസ്

"കുട്ടികളുടെ സർഗവാസനകളാൽ പൂത്തുലഞ്ഞ്
കാറ്റിൽ പറന്നു വിതറുന്ന സ്വപ്നവിത്തുകളുടെ
ഒരു ദശാബ്ദ സ്മരണിക"

# THE CONSTITUTION OF INDIA

## PREAMBLE

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ,
ഇന്ത്യയെ ഒരു **പരമാധികാര, സ്ഥിതിസമത്വ,**
**മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി**
സംവിധാനം ചെയ്യുന്നതിനും
ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും
സാമ്പത്തികവും രാഷ്ട്രീയവുമായ **നീതി**,
ചിന്ത, ആശയാവിഷ്കാരം, വിശ്വാസം,
മതനിഷ്ഠ, ആരാധന എന്നിവയ്ക്കുള്ള **സ്വാതന്ത്ര്യം**,
സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള
**സമത്വം** എന്നിവ ഉറപ്പുവരുത്തുന്നതിനും
വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും
അഖണ്ഡതയും ഉറപ്പുവരുത്തുന്ന **സാഹോദര്യം**
എല്ലാവരിലും വളർത്തുന്നതിനും
ദൃഢനിശ്ചയം ചെയ്തുകൊണ്ട്
നമ്മുടെ ഭരണഘടനാസഭയിൽവച്ച്,
1949 നവംബറിന്റെ ഈ ഇരുപത്തിയാറാം തിയതി
ഈ ഭരണഘടനയെ അംഗീകരിക്കുകയും
നിയമമാക്കുകയും നമുക്കായിത്തന്നെ
സമർപ്പിക്കുകയും ചെയ്യുന്നു.



# ഭാഷാപ്രതിജ്ഞ

മലയാളമാണ് എന്റെ ഭാഷ

എന്റെ ഭാഷ എന്റെ വീടാണ്

എന്റെ ആകാശമാണ്

ഞാൻ കാണുന്ന നക്ഷത്രമാണ്

എന്നെ തഴുകുന്ന കാറ്റാണ്

എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർ വെള്ളമാണ്

എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്

ഏതു നാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത് എന്റെ ഭാഷയിലാണ്

എന്റെ ഭാഷ ഞാൻ തന്നെയാണ്.



# ഉള്ളറകളിലൂടെ...

contents


- ഇന്ത്യൻ ഭരണഘടനയുടെ ആമുഖം ........................ 02
- ഭാഷാപ്രതിജ്ഞ ........................ 03
- ആമുഖം ........................ 06
- ആശംസകൾ ........................ 07
- പൂത്തുലഞ്ഞ് നീലക്കുറിഞ്ഞി ........................ 11
  നൂർ മുഹമ്മദ് സി കെ
- ഭാഷാപഠനത്തിന്റെ പ്രാധാന്യം ........................ 12
  ജസ്ന പി
- എന്റെ കേരളം ........................ 13
  ആമ്പൽ വിദ്യാർത്ഥികൾ
- കേരളം - ചില വസ്തുതകൾ ........................ 17
  ഹൃദ്യ കെ എസ്
- അതിജീവനം ........................ 18
  കാർത്തിക് കൃഷ്ണ എസ്
- എന്റെ അക്വേറിയം ........................ 19
  അഹാൻ എ
- പൂക്കൾ ........................ 19
  ജസ്‌ലിൻ ഫാത്തിമ
- എന്റെ കോയമ്പത്തൂർ യാത്ര ........................ 20
  ഭരത് വാര്യർ
- മണ്ടനായ കാക്ക ........................ 21
  രഘുറാം ആർ ജി
- മഴവില്ല് ........................ 22
  വേദിക എസ്
- പക്ഷികളുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ ........................ 22
  വിഹാൻ ജയേഷ്
- പഴഞ്ചൊല്ലുകൾ ........................ 23
  പല്ലവി എസ് നിധി
- ഉരുളക്കുപ്പേരി ........................ 24
  ധ്യാൻ നിത്യ രാജേഷ്
- സാൽസ ........................ 25
  ആഗ്നേയ് ആര്യമ്പിള്ളി

# ഉള്ളറകളിലൂടെ...

contents


ഒരുമിച്ചാൽ എല്ലാം സാധ്യം ........................................ 26
ആദിത്യ ആർ

എന്റെ പൂച്ച ........................................ 26
ധ്യാൻ കെ എസ്

അനിയത്തി ........................................ 27
സാൻവി എസ്

ഒരു ഗോവൻ യാത്ര ........................................ 27
ഹൃദ്യ എസ് നിധി

അതിജീവിത ........................................ 28
നിസ്മ ഫാത്തിമ ജുമാ

ഒരു പാവം കർഷകൻ ........................................ 28
പ്രിയദർശ് പ്രവീൺ

ഒരു കുടക്കീഴിൽ ........................................ 29
റിതാൻ ആർ എസ്

രസകരമായ വസ്തുതകൾ ........................................ 30
സിദ്ധാർഥ് രാജേഷ്

എന്റെ നാട് ........................................ 30
സമീക്ഷശ്രീ എസ്

കൂട്ടുകാർ ........................................ 31
പാർവണ എ കെ

മാജിക് പുസ്തകം ........................................ 31
ഗൗതം ഗോകുൽ

എന്റെ ബേക്കൽ കോട്ട യാത്ര ........................................ 32
ഹിബ ഫാത്തിമ

അമ്മുവിന്റെ സ്വപ്നം ........................................ 32
മിഴി നന്ദന എൻ

പഴയകാല വീട്ടുപകരണങ്ങൾ ........................................ 33
നിവേദിത നായർ

വർണ്ണലോകം ........................................ 35

നാൾ വഴികളിലൂടെ ........................................ 41

നന്ദി ........................................ 45

# ആമുഖം



രാഹുൽ ആർ എസ്
കോർഡിനേറ്റർ,
ഡി ആർ ഡി ഒ  മലയാളം മിഷൻ.

പ്രിയപ്പെട്ടവരേ ...

ഡി ആർ ഡി ഒ  മലയാളം മിഷൻ പഠനകേന്ദ്രം അതിന്റെ പത്താം വർഷത്തിലേക്ക് കടന്നിരിക്കുകയാണ്.
2016 ലെ ഒരു ഓണക്കാലത്ത് ഒരു എളിയ ചടങ്ങിൽ വച്ച് ഉദ്ഘാടനം ചെയ്യപ്പെട്ട ഈ സംരംഭം കർണാടക ചാപ്റ്ററിനു കീഴിലെ മികച്ച പഠന കേന്ദ്രങ്ങളിലൊന്നായി തുടരുന്നു. തുടക്കത്തിൽ ലഭിച്ച അഭ്യുദയകാംക്ഷികളുടേയും ഭാഷാസ്നേഹികളുടെയും പിന്തുണയും സഹായവും ഇന്നും തുടരുന്നു എന്നത് സന്തോഷവും ആശ്വാസവും പകരുന്നു. ഡി ആർ ഡി ഒ  ഓണാഘോഷ കമ്മിറ്റി, കർണാടക ചാപ്റ്റർ തല ഭാരവാഹികളായ ദാമോദരൻ സർ, ടോമി സർ, മറ്റ് പ്രവർത്തകർ എന്നിവരുടെ പിന്തുണ ഈയവസരത്തിൽ ഓർക്കുന്നു.  സെൻട്രൽ സോൺ കോർഡിനേറ്റർ നൂർ മുഹമ്മദ് അവർകളുടെ പിന്തുണയും വഴികാട്ടലും ഈ കേന്ദ്രത്തിന്റെ യാത്രയിൽ നിർണായകമായിട്ടുണ്ട്. ശ്രീ റസാഖ് സർ, ശ്രീ പി. ശ്രീകുമാർ സർ എന്നിവരുടെ സേവനങ്ങളെ ഈയവസരത്തിൽ പ്രത്യേകം ഓർക്കുന്നു.

അദ്ധ്യാപകർ, രക്ഷിതാക്കൾ,കോർഡിനേഷൻ കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ സഹകരണത്തെപ്പറ്റി സൂചിപ്പിക്കാതിരിക്കുന്നത് കുറ്റകരമായ മറവിയായിരിക്കും. നമ്മുടെ കേന്ദ്രത്തിന്റെ എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുകയും സർവാത്മനാ പിന്തുണക്കുകയും ചെയ്യുന്ന അവരുടെ നിസ്വാർത്ഥ പ്രവർത്തനങ്ങളാണ് നമ്മുടെ ഊർജ്ജം.

അപ്പൂപ്പൻതാടി എന്ന ഉദ്യമത്തെ യാഥാർത്ഥ്യമാക്കാൻ കൈമെയ് മറന്നു പ്രവർത്തിച്ച മാഗസിൻ കോർഡിനേറ്റർ, എഡിറ്റർ, മറ്റ് അംഗങ്ങൾ എന്നിവർക്ക് നന്ദി. ഒപ്പം ചെറുചെറു സൃഷ്ടികളാൽ അപ്പൂപ്പൻ താടിയെ സമ്പന്നമാക്കിയ എന്റെ പ്രിയപ്പെട്ട വിദ്യാർത്ഥികൾക്ക് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

എല്ലാ വേർതിരിവുകൾക്കും മുകളിൽ ഭാഷയും സംസ്കാരവും പ്രസരിപ്പിച്ചുകൊണ്ട് "അപ്പൂപ്പൻ താടി" സർഗ്ഗാത്മകതയുടെ പുതിയ ഉയരങ്ങൾ താണ്ടട്ടെ......



# ആശംസകൾ



കെ.ദാമോദരൻ
പ്രസിഡന്റ് , മലയാളം മിഷൻ
കർണാടക ചാപ്റ്റർ

"എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം"
ലോകമെമ്പാടുമുള്ള പ്രവാസികളുടെ കുട്ടികൾക്ക് മലയാളം പഠിപ്പിക്കുവാൻ,കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉദ്യമമാണ് മലയാളം മിഷൻ'

2016 ൽ ആണ് ഡി ആർ ഡി ഒ യിൽ മലയാളം മിഷൻ പ്രവർത്തനം കർണാടക ചാപ്റ്ററിന്റെ നേതൃത്വത്തിൽ തുടങ്ങിയത്. വളരെ ഭംഗിയായരീതിയിൽ പ്രവർത്തനം നടത്തിവരുന്ന പഠന കേന്ദ്രം അതിന്റെ പത്താം വാർഷികത്തോട് അനുബന്ധിച്ച് "അപ്പൂപ്പൻ താടി" എന്ന പേരിൽ ഒരു സ്മരണിക പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്.

ഈ ഒരു പ്രവർത്തന മികവിന്റെ പിറകിൽ പ്രവർത്തിക്കുന്ന ഡി ആർ ഡി ഒ  പഠന കേന്ദ്രത്തിലെ ഭാഷാ പ്രവർത്തകർക്കും , അദ്ധ്യാപകർക്കും , കുട്ടികൾക്കും, രക്ഷിതാക്കൾക്കും ഈ കേന്ദ്രത്തെ അത്യുത്തമമായ രീതിയിൽ മുന്നിൽ നിന്നും നയിക്കുന്ന സെൻട്രൽ മേഖല കോർഡിനേറ്ററായ ശ്രീ നൂർ മുഹമ്മദ് മാഷിനും ഹൃദയത്തിന്റെ ഭാഷയിൽ അഭിനന്ദനം അറിയിക്കുന്നു.

പത്താം വർഷത്തോട് അനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്മരണികയ്ക്ക് എല്ലാവിധ ഭാവുകങ്ങളും ആശംസകളും നേരുന്നു.



# ആശംസകൾ




പി. ശ്രീകുമാർ
മുൻ എ ഡി ഇ ഡയറക്ടർ,
ഓണം കമ്മിറ്റി രക്ഷാധികാരി

ഡി ആർ ഡി ഒ യിൽ മലയാളം മിഷൻ പ്രവർത്തനം 2016ൽ കർണാടക ചാപ്റ്ററിന്റെ നേതൃത്വത്തിൽ തുടങ്ങിയതാണ്. അതിന് നേതൃത്വം നൽകിയ മലയാളം മിഷൻ ചാപ്റ്റർ പ്രസിഡണ്ട് ശ്രീ ദാമോദരൻ മാഷിനും ടീമിനും നന്ദി രേഖപ്പെടുത്തുന്നു.

വളരെ ഭംഗിയായരീതിയിൽ പ്രവർത്തനം നടത്തിവരുന്ന പഠന കേന്ദ്രം അതിന്റെ പത്താം വാർഷികത്തോട് അനുബന്ധിച്ച് "അപ്പൂപ്പൻ താടി " എന്ന പേരിൽ ഒരു സ്മരണിക പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്. ഈ ഉദ്യമത്തിനും അതിനായി പ്രവർത്തിച്ചവർക്കും എല്ലാവിധ ഭാവുകങ്ങളും ആശംസകളും നേരുന്നു.

ആദ്യത്തെ ബാച്ചിൽ 'നീലക്കുറിഞ്ഞി' കോഴ്സ് പൂർത്തിയാക്കിയ കുട്ടികൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ. ഒപ്പം ഡി ആർ ഡി ഒ പഠന കേന്ദ്രത്തിലെ എല്ലാ ഭാഷാ പ്രവർത്തകർക്കും , അദ്ധ്യാപകർക്കും, ഈ സംവിധാനത്തിലെ പരിപാടികളിൽ പങ്കെടുക്കുന്ന കുട്ടികൾക്കും രക്ഷിതാക്കൾക്കും എല്ലാ വിധ അഭിനന്ദനങ്ങളും അറിയിക്കുന്നു.





റസാഖ് അഹമ്മദ്
ചലച്ചിത്ര നിർമ്മാതാവ്, അഭിനേതാവ്

വളരെ ഭംഗിയായ രീതിയിൽ പത്താം വാർഷികം ആഘോഷിക്കുന്ന ഡി ആർ ഡി ഒ മലയാളം മിഷന്റെ ഭാഗമാകാൻ സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ അവസരത്തിൽ പ്രസിദ്ധീകരിക്കുന്ന സ്മരണികയ്ക്ക് എന്റെ എല്ലാ ആശംസകളും നേരുന്നു.

# ആശംസകൾ



ഹിതാ വേണുഗോപാലൻ
സെക്രട്ടറി , മലയാളം മിഷൻ
കർണാടക ചാപ്റ്റർ

കേരളം വിട്ട് അകലെയുള്ളൊരു ദേശത്ത് ജീവിക്കുന്ന സമൂഹമെന്ന നിലയ്ക്ക് നമുക്ക് മലയാളം എന്നത് വെറും ഭാഷ മാത്രമല്ല - അത് നമ്മുടെ ഗൃഹാതുരത നിറഞ്ഞ ഓർമകളാണ്, നമ്മുടെ വേരുകളിലേക്ക് നമ്മെ ചേർത്തുനിർത്തുന്ന ഏറ്റവും വലിയ ശക്തിയാണ്. അതുകൊണ്ടു തന്നെ നമ്മൾ നമ്മുടെ കുട്ടികൾക്ക് മലയാളം വായിക്കാനും എഴുതാനും പഠിപ്പിക്കുമ്പോൾ, അവർക്ക് പകർന്നു നൽകുന്നത് കുറെ അക്ഷരങ്ങളോ വാക്കുകളോ മാത്രമല്ല, നാമെല്ലാം ജീവിച്ച ഒരു സംസ്കാരവും നാമെല്ലാം പങ്കിട്ട ചരിത്രവുമാണ്. ഈ ബോധ്യം പൂർണ്ണമായും ഉൾക്കൊണ്ടാണ് മലയാളം മിഷൻ കർണാടക ചാപ്റ്റർ ഇവിടുത്തെ പ്രവാസി മലയാളികളുടെ ഇടയ്ക്ക് പ്രവർത്തിച്ചു വരുന്നത്.

കഴിഞ്ഞ ഒരു വ്യാഴവട്ടത്തോളം കാലമായി കർണാടകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന മലയാളം മിഷന്റെ നൂറുകണക്കിന് പഠനകേന്ദ്രങ്ങളിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച വെക്കുന്ന ഏതാനും കേന്ദ്രങ്ങളെ ചൂണ്ടിക്കാണിക്കാൻ പറഞ്ഞാൽ അതിൽ നിസ്സംശയം ഉൾപ്പെടുത്തേണ്ട ഒരു കേന്ദ്രമാണ് ബാംഗ്ളൂർ സെൻട്രൽ മേഖലയുടെ കീഴിൽ പ്രവർത്തിക്കുന്ന ഡി ആർ ഡി ഒ പഠനകേന്ദ്രം. അധ്യാപകരുടെ നിസ്വാർത്ഥമായ സേവനവും വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടെയും സമ്പൂർണമായ സഹകരണവും വഴി മാതൃഭാഷാ പഠനത്തെ ആസ്വാദ്യകരവും ലക്ഷ്യബോധമുള്ളതുമായ അനുഭവമാക്കാൻ ഇവിടെയുള്ളവർക്ക് ഇക്കഴിഞ്ഞ വർഷങ്ങളിൽ സാധിച്ചിരിക്കുന്നു എന്നത് ശ്ലാഘനീയമാണ്. വളരെ ചിട്ടയായ രീതിയിൽ ക്ലാസുകൾ നടത്തി കുട്ടികളെ വായിക്കാനും എഴുതാനും പ്രാപ്തരാക്കുന്നത് കൂടാതെ തികച്ചും കാലികവും അർത്ഥവത്തുമായ ഇടപെടലുകൾ നടത്തി സാംസ്കാരികവും സാഹിത്യപരവുമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലും ഇവർ കാണിക്കുന്ന ശുഷ്കാന്തി ചെറുതല്ല. ഇത്തരത്തിലുള്ള ശ്രമങ്ങളാണ് പുതുതലമുറക്കും ഭാഷക്കും ഇടയിൽ ശക്തമായ ഒരു മാനസിക ബന്ധം വളർത്തുന്നത് എന്നത് നമ്മൾ അംഗീകരിച്ചേ മതിയാവൂ.

ഈ സ്മരണികയുടെ പ്രസിദ്ധീകരണത്തോടനുബന്ധിച്ച് ഡി ആർ ഡി ഒ സ്റ്റഡി സെന്ററിനും ഇവിടുത്തെ കോർഡിനേറ്റർമാർക്കും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും എന്റെ അഭിനന്ദനങ്ങൾ അറിയിക്കട്ടെ. മലയാള പഠനത്തിനും സാംസ്കാരിക വിനിമയങ്ങൾക്കും സഹായകരമായ ഒരു സജീവ കേന്ദ്രമായി ഇവിടം തുടർന്നും വളരട്ടെ എന്ന് ഹൃദയപൂർവം ആശംസിക്കുന്നു. തലമുറകൾ തോറും പകർന്നു നൽകുന്ന അറിവുകളിലൂടെ ഇവിടെ മലയാളം വളർന്നു പന്തലിക്കട്ടെ എന്ന് ആശംസിക്കുന്നു.


## ആശംസകൾ



മീരാ നാരായണൻ
അക്കാദമിക് കോർഡിനേറ്റർ , മലയാളം മിഷൻ
കർണാടക ചാപ്റ്റർ

പ്രിയപ്പെട്ട അപ്പൂപ്പൻ താടി,
അനുഭവങ്ങളും,ഓർമകളും കോർത്ത് വാനിൽ പറന്നുയരുന്ന 'അപ്പൂപ്പൻ താടി',തുടർയാത്രകൾക്കു ചുവടേകാൻ സാധിക്കുന്ന നല്ലൊരു വഴികാട്ടിയായി മാറട്ടെയെന്ന് ആഗ്രഹിക്കുന്നു.മാതൃഭാഷയെയും സംസ്കാരത്തെയും നെഞ്ചോടുചേർത്ത് നടത്തുന്ന ഡി ആർ ഡി ഒ മലയാളം മിഷൻ പഠനകേന്ദ്രത്തിന്റെ എല്ലാ നല്ല പ്രവർത്തനങ്ങൾക്കും മനസ് നിറഞ്ഞ സ്നേഹവും ആശംസകളും.





ടോമി ജെ ആലുങ്കൽ
കൺവീനർ , മലയാളം മിഷൻ
കർണാടക ചാപ്റ്റർ

അഭിനന്ദനങ്ങൾ
മലയാളം മിഷൻ കർണാടക ചാപ്റ്ററിൽ പ്രവർത്തന മികവിലും സംഘാടനത്തികവിലും മുൻപന്തിയിൽ നിൽക്കുന്ന ഡി ആർ ഡി ഒ പഠന കേന്ദ്രം നമ്മുടെ അഭിമാനം ആണ്. ചാപ്റ്ററിന്റെ വിപുലമായ പ്രവർത്തനങ്ങൾക്കും സങ്കീർണമായ പരീക്ഷകൾക്കും കൃത്യതയോടെ ചുക്കാൻ പിടിക്കുന്ന സയന്റിസ്റ്റ് നൂർ മുഹമ്മദ് സർ സെന്ററിന്റേയും ചാപ്റ്ററിന്റേയും സ്വകാര്യ അഹങ്കാരം ആണ്.
എല്ലാ സഹപ്രവർത്തകർക്കും കുട്ടികൾക്കും
സ്നേഹാദരങ്ങൾ.

# പൂത്തുലഞ്ഞ് നീലക്കുറിഞ്ഞി




നൂർ മുഹമ്മദ് സി കെ
ബാംഗ്ലൂർ മധ്യ മേഖല കോർഡിനേറ്റർ
മലയാളം മിഷൻ കർണ്ണാടക ചാപ്റ്റർ

മൂന്നാറിൽ 12 വർഷത്തിലൊരിക്കൽ പൂക്കുന്ന കേരളത്തിന്റെ അഭിമാനമായ മനോഹരമായ നീലക്കുറിഞ്ഞി നമ്മുടെ ബാംഗ്ലൂരിലെ ഡി ആർ ഡി ഒ ക്യാമ്പസിൽ പൂത്തു എന്നു പറഞ്ഞാൽ വിശ്വാസം വരുന്നില്ല അല്ലേ? ഓണക്കാലം പൂക്കളുടെ കാലം കൂടിയാണല്ലോ, 2015 ൽ ഒരു ഓണക്കാലത്ത് നമ്മൾ തുടങ്ങിയ മലയാളം ക്ലാസ്സ് പിന്നീട് മലയാളം മിഷന്റെ ഭാഗമാവുകയും 2016 ൽ രജിസ്റ്റർ ചെയ്ത് ഔദ്യോഗികമായി കണിക്കൊന്ന, സൂര്യകാന്തി, ആമ്പൽ, നീലക്കുറിഞ്ഞി എന്നീ നാലു വർണ്ണപ്പൂക്കളുടെ പേരിലുള്ള മലയാളം മിഷൻ കോഴ്സുകൾ ആരംഭിക്കുകയും ചെയ്തു. ഒരു ദശകം പിന്നിടുമ്പോൾ അഭിമാനാർഹമായ ഒത്തിരി നേട്ടങ്ങൾ നമ്മുടെ പഠന കേന്ദ്രം കൈവരിച്ചിരിക്കുന്നു.

നമ്മുടെ ആദ്യ ബാച്ചിലെ മൂന്ന് കുട്ടികൾ അമീൻ, ആരിഫ, ഹിബ ഫാത്തിമ എന്നിവർ മേൽപ്പറഞ്ഞ നാല് കോഴ്സുകളും വിജയകരമായി പൂർത്തിയാക്കി മലയാളം മിഷനിൽ നിന്നും സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കുകയും ചെയ്തു. തുടർന്ന് കേരള സർക്കാറിന്റെ പരീക്ഷാഭവൻ നടത്തുന്ന പത്താം ക്ലാസ്സ് തുല്യതാ പരിക്ഷയായ നീലക്കുറിഞ്ഞി പൊതു പരീക്ഷ 2025 ജൂൺ 22 ന് വിജയകരമായി പൂർത്തിയാക്കി 2025 ഒക്ടോബർ 26ന് ബാംഗ്ലൂരിൽ വച്ച് നടന്ന ചടങ്ങിൽ മലയാളം മിഷൻ ഡയറക്ടറിൽ നിന്നും സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങുകയും ചെയ്തു. അങ്ങിനെ ഡി ആർ ഡി ഒ ക്യാമ്പസിൽ നീലക്കുറിഞ്ഞി പൂത്തുലഞ്ഞ് നിൽക്കുമ്പോൾ രണ്ടാമത്തെ ബാച്ചിലെ കുട്ടികൾ ആമ്പൽ പൂർത്തിയാക്കി നീലക്കുറിഞ്ഞി പ്രവേശനം നേടിയിരിക്കുന്നു. മൂന്നാമത്തെ ബാച്ച് സൂര്യകാന്തി പൂർത്തിയാക്കി ആമ്പൽ പ്രവേശനം നേടിയിരിക്കുന്നു. നാലാമത്തെ ബാച്ച് സൂര്യകാന്തിയും അഞ്ചാമത്തെ ബാച്ച് കണിക്കൊന്നയും പഠിച്ചു കൊണ്ടിരിക്കുന്നു. അങ്ങിനെ ഞങ്ങളുടെ പൂന്തോട്ടം പലതരം പൂക്കളാൽ വർണ്ണാഭമാണ്.

മലയാള പഠനത്തോടൊപ്പം നമ്മുടെ വിദ്യാർത്ഥികൾ മലയാളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സുഗതാഞ്ജലി കാവ്യാലാപന മത്സരം, ബാലശാസ്ത്ര പരീക്ഷ, കലാ മത്സരങ്ങളായ കഥ പറയൽ, നടനോത്സവം, നാടകക്കളരി, ഏകാംഗ നാടകം, കാലിഗ്രഫി, ചിത്രരചന, പ്രശ്നോത്തരി എന്നിവയിലും പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്. അങ്ങിനെ പല നേട്ടങ്ങൾ കൈവരിച്ചു എന്നതും പഠന കേന്ദ്രത്തിന്റെ പത്താം വർഷികത്തോടനുബന്ധിച്ച് ഒരു സ്മരണിക പുറത്തിറക്കുമ്പോൾ പലതരം സൃഷ്ടികളാൽ അത് സമ്പന്നമാണ് എന്നതും എല്ലാവർക്കും ഏറെ സന്തോഷകരവും അഭിമാനകരവുമാണ്.
പഠന കേന്ദ്രത്തിന്റെ മുൻ കോർഡിനേറ്റർ എന്ന നിലയിലും ഈ പഠനകേന്ദ്രം ഉൾപ്പെടുന്ന ബാംഗ്ലൂർ മധ്യമേഖലയുടെ ഇപ്പോഴത്തെ കോഡിനേറ്റർ എന്ന നിലയിലും എനിക്കും ഏറെ സന്തോഷവും അഭിമാനവും നൽകുന്നു.



# ഭാഷാപഠനത്തിന്റെ പ്രാധാന്യം



ജസ്ന പി
അദ്ധ്യാപിക


നാമോരോരുത്തരും ഈ ഭൂമിയിൽ ജനിച്ചു വീഴുന്നത് മുതൽ നാം ലോകത്തെ അറിയുന്നതും ലോകം നമ്മളെ അറിയുന്നതും ഭാഷയിലൂടെയാണ്. ഭാഷയെന്നത് കേവലം വാക്കുകളുടെ കൂട്ടമല്ല, മറിച്ച് അത് മനുഷ്യരാശിയുടെ ചിന്തകളുടെയും വികാരത്തിന്റെയും സംസ്കാരത്തിന്റെയും പ്രതിഫലനം കൂടിയാണ്. ആശയവിനിമയം സാധ്യമാക്കുന്നതോടൊപ്പം ഭാഷ വ്യക്തിയുടെയും സമൂഹത്തിന്റെയും വളർച്ചക്ക് അത്യാവശ്യമാണ്. അറിവ് തലമുറകളിലേയ്ക്ക് കൈമാറ്റം ചെയ്യുന്നത് ഭാഷയിലൂടെയാണ്. കഥകൾ, പാട്ടുകൾ, പുരാണങ്ങൾ എന്നിവ നിലനിൽക്കുന്നത് ഭാഷയിലൂടെയാണ്. ഒരേഭാഷ സംസാരിക്കുന്നവർക്കിടയിൽ ഒരു തരം ഐക്യവും അടുപ്പവും ഉണ്ടാകുന്നു. ഇത് സാമൂഹിക ബന്ധങ്ങൾ ശക്തിപ്പെടുത്താനും ഒരുമയോടെ മുന്നോട്ട് പോകാനും സഹായിക്കുന്നു. ചിന്തിക്കുന്നതിനും പ്രശ്നങ്ങളെ വിശകലനം ചെയ്യുന്നതിനും ഭാഷയാണ് നമ്മെ സഹായിക്കുന്നത്. ഭാഷാശേഷി വർദ്ധിക്കുന്നത് നമ്മുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു. പഠനത്തിനും തൊഴിൽപരമായ വളർച്ചയ്ക്കും ഭാഷാശേഷി അത്യാവശ്യമാണ്.

ഭാഷ ആശയവിനിമയത്തിനുള്ള ഉപകരണം എന്നതിലുപരി അത് നമ്മുടെ വ്യക്തിത്വത്തിന്റെയും സംസ്കാരത്തിന്റെയും കാവൽക്കാരനാണ്. അതുകൊണ്ട് മറ്റു ഭാഷകൾ പഠിക്കുന്നതോടൊപ്പം മാതൃഭാഷകൂടി പഠിക്കുകയും പരിപോഷിപ്പിക്കുകയും വേണം. ഭാഷയുടെ വളർച്ചയിലൂടെയാണ് ഒരു സമൂഹത്തിന്റെയും അത് വഴി ഒരു രാഷ്ട്രത്തിന്റെയും പുരോഗതി സാധ്യമാവുന്നത്. മലയാളം കേരളത്തിന്റെ മാത്രമല്ല ഓരോ മലയാളിയുടെയും ആത്മാവാണ്. നമുക്ക് ഭാഷയെ സ്നേഹിച്ചു കൊണ്ട് അതിന്റെ മഹത്വം വരും തലമുറകളിലേയ്ക്ക് പകർന്ന് നല്കാൻ കൂട്ടായി പരിശ്രമിക്കാം.

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യന്നു പെറ്റമ്മ തൻഭാഷതാൻ"
എന്ന വള്ളത്തോൾ വരികൾ നമുക്ക് നെഞ്ചിലേറ്റാം.



# എന്റെ കേരളം



കേരളം ഇന്ത്യയുടെ തെക്ക് പടിഞ്ഞാറുള്ള ഒരു സംസ്ഥാനമാണ്. 1956 നവംബർ 1 നാണ് ഈ സംസ്ഥാനം രൂപീകരിച്ചത്. ഇതാണ് കേരളപ്പിറവി ദിനമായി ആഘോഷിക്കുന്നത്. കേരളത്തിന്റെ ഭൂപ്രകൃതി പ്രധാനമായും മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മലനാട്, ഇടനാട് , തീരപ്രദേശം. സമ്പന്നമായ ജൈവവൈവിധ്യം, വൈവിധ്യമാർന്ന വന്യജീവികൾ, മനോഹരമായ പ്രകൃതി ഭംഗി എന്നിവ ഈ സംസ്ഥാനത്തെ ശ്രദ്ധേയമാക്കുന്നു. വിനോദസഞ്ചാരത്തിന് വളരെയധികം സാധ്യതകൾ ഉള്ള സംസ്ഥാനമാണ്. കേരളത്തിൽ 14 ജില്ലകളുണ്ട്.

## തിരുവനന്തപുരം

കേരളത്തിന്റെ തെക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന ജില്ലയും കേരളത്തിന്റെ തലസ്ഥാനവുമാണ് തിരുവനന്തപുരം .1949ൽ ആദ്യമായി രൂപീകരിച്ച അഞ്ച് ജില്ലകളിൽ ഒന്നാണിത് . 6 താലൂക്കുകളും 124 വില്ലേജുകളും ഈ ജില്ലയിലുണ്ട്. മനോഹരമായ കടൽത്തീരങ്ങൾ, പച്ചപ്പാർന്ന കുന്നിൻ പ്രദേശങ്ങൾ , സമ്പന്നമായ സാംസ്കാരിക പൈതൃകം എന്നിവ കൊണ്ട് തിരുവനന്തപുരം ജില്ലയും നഗരവും പ്രശസ്തമാണ്. ശ്രീപത്മനാഭസ്വാമി ക്ഷേത്രം പോലെയുള്ള ചരിത്ര സ്മാരകങ്ങളാലും നേപ്പിയർ മ്യൂസിയം പോലെയുള്ള ബ്രിട്ടീഷ് നിർമിതികളാലും മനോഹരമാണ് ഈ നഗരം .കോവളം കടൽത്തീരം, നെയ്യാർ ഡാം, പൊന്മുടി മലകൾ ,പേപ്പാറ വന്യജീവി സങ്കേതം തുടങ്ങിയ പ്രകൃതിരമണീയമായ സ്ഥലങ്ങളും ഇവിടെയുണ്ട്.

## കൊല്ലം

കേരളത്തിന്റെ തെക്ക് ഭാഗത്തുള്ള ജില്ലയാണ് കൊല്ലം. 1949 ജൂലൈ ഒന്നിന് കൊല്ലം ജില്ല രൂപീകൃതമായി. കൊല്ലം കേരളത്തിന്റെ കായലുകളിലേക്കുള്ള കവാടം എന്നറിയപ്പെടുന്നു. കൊല്ലത്തിന്റെ ആകർഷണം അതിന്റെ കായലുകളാണ്. ലോകത്തിലെ ഏറ്റവും വലിയ പക്ഷി പ്രതിമ സ്ഥിതി ചെയ്യുന്ന ജടായു നേച്ചർ പാർക്ക് കൊല്ലം ജില്ലയിലെ ചടയമംഗലത്താണ്.

## ആലപ്പുഴ

1957 ഓഗസ്റ്റ് 17 നാണ് ഈ ജില്ല രൂപീകൃതമായത്. കേരളത്തിലെ ഏറ്റവും ചെറിയ ജില്ലയാണ്. ആലപ്പുഴ ഒരു തീരദേശ ജില്ലയാണ്. വനം ഇല്ലാത്ത ഏക ജില്ലയാണ്. മനോഹരമായ കായലുകളും, കനാലുകളും നിറഞ്ഞ ജില്ലയാണ്. കിഴക്കിന്റെ വെനീസ് എന്നാണ് അറിയപ്പെടുന്നത്. കേരളത്തിലെ ഒട്ടുമിക്ക കയർ വ്യവസായ സ്ഥാപനങ്ങളും ഈ ജില്ലയിലാണ്.

## പത്തനംതിട്ട

1982 നവംബർ 1 നാണ് പത്തനംതിട്ട ജില്ല രൂപീകൃതമായത്. കേരളത്തിലെ തെക്കൻ ജില്ലകളിലൊന്നാണിത്. കേരളത്തിന്റെ തീർത്ഥാട തലസ്ഥാനം എന്നാണ് അറിയപ്പെടുന്നത്. പ്രസിദ്ധമായ ശബരിമല അയ്യപ്പ ക്ഷേത്രം ഈ ജില്ലയിൽ ആണ് സ്ഥിതി ചെയ്യുന്നത്. ആറന്മുള വള്ളസദ്യയും ആറന്മുള കണ്ണാടിയും പ്രസിദ്ധമാണ്. സമുദ്രതീരമില്ലാത്ത വനപ്രദേശങ്ങൾ നിറഞ്ഞ ജില്ലയാണ്.

## കോട്ടയം

കോട്ടയം ജില്ല 1949 ജൂലൈ 1-നാണ് രൂപീകരിച്ചത്. മുൻ ട്രാവൻകൂർ സംസ്ഥാനത്തിലെ ചില പ്രദേശങ്ങൾ വേർതിരിച്ചാണ് കോട്ടയം ജില്ല നിലവിൽ വന്നത്.  ഉയർന്ന സാക്ഷരതാനിരക്കും വിദ്യാഭ്യാസ പുരോഗതിയും കൊണ്ടാണ് ഈ ജില്ല പ്രശസ്തം. റബർ തോട്ടങ്ങൾ, സാഹിത്യ പാരമ്പര്യം, പത്രപ്രവർത്തന ചരിത്രം എന്നിവ കോട്ടയത്തിന്റെ പ്രത്യേകതകളാണ്. വേമ്പനാട് കായലിനോടു ചേർന്ന പ്രദേശങ്ങളും ശാന്തമായ ഗ്രാമീണ ജീവിതവും ഈ ജില്ലയെ മനോഹരമാക്കുന്നു.

## ഇടുക്കി

കേരളത്തിന്റെ മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന ഒരു ജില്ലയാണ് ഇടുക്കി.ജില്ലയുടെ ആസ്ഥാനം പൈനാവ് ആണ്.ഇടുക്കി ജില്ലയുടെ 50 ശതമാനം സംരക്ഷിത വനഭൂമിയാണ്. ഇവിടെ തീവണ്ടിപ്പാതയില്ല. വൈദ്യുതി ഉത്പാദനത്തിന് പേരുകേട്ടതാണ് ഈ ജില്ല. ഇന്ത്യയിലെ ഏറ്റവും വലിയ ആർച്ച് ഡാം ആയ ഇടുക്കി അണക്കെട്ട് ഇവിടെയാണ്.കേരളത്തിന്റെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതിയും ഇതാണ്.പ്രകൃതിരമണീയതയ്ക്ക് പേരുകേട്ട ധാരാളം വെള്ളച്ചാട്ടങ്ങളും, പച്ച പുതച്ച തേയിലത്തോട്ടങ്ങളും നിറഞ്ഞ ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളാണ് മൂന്നാർ, തേക്കടി ,വാഗമൺ എന്നീ സ്ഥലങ്ങൾ.

## എറണാകുളം

എറണാകുളം ജില്ല കേരളത്തിന്റെ വാണിജ്യ തലസ്ഥാനം ആണ്. ജില്ലാ ആസ്ഥാനം കാക്കനാട് ആണ്. അറബിക്കടലിന്റെ റാണി എന്നറിയപ്പെടുന്ന കൊച്ചി നഗരം ഉൾപ്പെടുന്ന ഈ ജില്ല കേരളത്തിലെ ഏറ്റവും നഗരവൽക്കരിക്കപ്പെട്ട പ്രദേശങ്ങളിലൊന്നാണ്. കേരള ഹൈക്കോടതി ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. കൊച്ചിൻ ഷിപ്പ്‌യാർഡ്, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം എന്നിവ പ്രധാന സ്ഥാപനങ്ങളാണ്.



പെരിയാർ, മൂവാറ്റുപുഴയാർ എന്നിവയാണ് ജില്ലയിലൂടെ ഒഴുകുന്ന പ്രധാന നദികൾ. വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന ഫോർട്ട് കൊച്ചി, ജൂത സിനഗോഗ്, മറൈൻ ഡ്രൈവ്, ലുലു മാൾ, വേമ്പനാട്ടു കായൽ തുടങ്ങിയ സ്ഥലങ്ങൾ ജില്ലയിലുണ്ട്. മെട്രോ റെയിലും വാട്ടർ മെട്രോയും ജില്ലയുടെ പ്രത്യേകതയാണ്. ആലുവ ശിവരാത്രിയും മലയാറ്റൂർ പള്ളിപ്പെരുന്നാളും പ്രധാന ആഘോഷങ്ങളാണ്.

## തൃശ്ശൂർ

പൂരങ്ങളുടെ നാട്, കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം എന്നീ പേരുകളിൽ അറിയപ്പെടുന്നു. 1930 ൽ വള്ളത്തോൾ സ്ഥാപിച്ച കേരള കലാമണ്ഡലം തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തിയിലാണ്. കേരളത്തിന്റെ കലാസാംസ്കാരിക കേന്ദ്രങ്ങളായ കേരള സാഹിത്യ അക്കാദമി , കേരള ലളിതകല അക്കാദമി , കേരള സംഗീത നാടക അക്കാദമി എന്നിവയുടെ ആസ്ഥാനങ്ങൾ തൃശ്ശൂർ ജില്ലയിലാണ്. പ്രശസ്തമായ തൃശ്ശൂർ പൂരം ആണ്ടുതോറും നടക്കുന്നത് തൃശ്ശൂർ നഗരമധ്യത്തിലെ ശ്രീ വടക്കുംനാഥ ക്ഷേത്ര മൈതാനത്താണ്. തൃശ്ശൂർ നഗര ശിൽപി ശക്തൻ തമ്പുരാൻ ആണ്. ഇന്ത്യയിലെ ആദ്യ മുസ്ലീം പള്ളി, ക്രിസ്ത്യൻ പള്ളി എന്നിവ സ്ഥാപിതമായത് ഈ ജില്ലയിലാണ്. കേരളത്തിലെ ഏറ്റവും വലിയ വെള്ളച്ചാട്ടം തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി വെള്ളച്ചാട്ടം ആണ്.

## പാലക്കാട്

1957 ജനുവരി 1 ന് നിലവിൽ വന്നു. കേരളത്തിലെ ഏറ്റവും വലിയ ജില്ല. കേരളത്തിന്റെ നെല്ലറ , പഞ്ചസാരക്കിണ്ണം, കരിമ്പനകളുടെ നാട് എന്നീ പേരുകളിൽ അറിയപ്പെടുന്നു. കേരളത്തിലെ ഏറ്റവും വലിയ അണക്കെട്ടായ മലമ്പുഴ അണക്കെട്ട് പാലക്കാട് സ്ഥിതി ചെയ്യുന്നു. സിംഹവാലൻ കുരങ്ങുകൾക്ക് പ്രസിദ്ധമായ സൈലന്റ് വാലി ദേശീയ ഉദ്യാനം പാലക്കാട് ആണ്. പാവങ്ങളുടെ ഊട്ടി എന്നറിയപ്പെടുന്ന നെല്ലിയാമ്പതി ഈ ജില്ലയിലാണ്.



## മലപ്പുറം

മലപ്പുറം ജില്ല 1969 ജൂൺ 16-നാണ് രൂപീകരിച്ചത്. കോഴിക്കോട്, പാലക്കാട് ജില്ലകളിലെ ചില ഭാഗങ്ങൾ വേർതിരിച്ചാണ് മലപ്പുറം ജില്ല നിലവിൽ വന്നത്.  സമ്പന്നമായ ചരിത്രവും സാംസ്കാരിക വൈവിധ്യവും പ്രകൃതിസൗന്ദര്യവും ഇതിന്റെ പ്രത്യേകതകളാണ്. വിദ്യാഭ്യാസ രംഗത്ത് മുന്നിട്ടുനിൽക്കുന്ന മലപ്പുറം മതസൗഹാർദ്ദത്തിനും പ്രശസ്തമാണ്. നിലമ്പൂർ തേക്ക് കാട്, കൊട്ടക്കുന്ന്, ഭാരതപ്പുഴ എന്നിവ പ്രധാന ആകർഷണങ്ങളാണ്.

## കോഴിക്കോട്

1957 ജനുവരി 1 നാണ് കോഴിക്കോട് ജില്ല നിലവിൽ വന്നത്. പടിഞ്ഞാറ് അറബിക്കടൽ, കിഴക്ക് സഹ്യപർവ്വതം, വടക്ക് കണ്ണൂർ, തെക്ക് മലപ്പുറം എന്നിവയാണ് കോഴിക്കോട് ജില്ലയുടെ അതിർത്തികൾ. കലാസാഹിത്യ മേഖലകളിൽ  കോഴിക്കോട് പ്രസിദ്ധമാണ്. യുനെസ്കോ സിറ്റി ഓഫ് ലിറ്ററേച്ചർ ആയും കോഴിക്കോട് അറിയപ്പെടുന്നു. ബീച്ചുകൾക്ക് പ്രസിദ്ധമാണ് കോഴിക്കോട് ജില്ല. വാസ്കോഡ ഗാമ വന്നിറങ്ങിയത് കോഴിക്കോട് ജില്ലയിലെ കാപ്പാട് ബീച്ചിലാണ്. ഭക്ഷണവിഭവങ്ങൾക്കും കോഴിക്കോട് പ്രസിദ്ധമാണ്. കോഴിക്കോടൻ ബിരിയാണി ,കോഴിക്കോടൻ ഹൽവ , കല്ലുമ്മക്കായ എന്നിവ വളരെ പ്രശസ്തമാണ്.

## വയനാട്

1980 നവംബർ 1 നാണ് വയനാട് ജില്ല രൂപികരിക്കപ്പെട്ടത്. കർണ്ണാടക, കണ്ണൂർ എന്നിവ വടക്കും മലപ്പുറം തെക്കും തമിഴ്നാട് കിഴക്കും കോഴിക്കോട് പടിഞ്ഞാറും ആണ് വയനാട് ജില്ലയുടെ അതിർത്തികൾ. പ്രകൃതി ഭംഗിക്കും സുഗന്ധവിളകൾക്കും പ്രസിദ്ധി ആർജ്ജിച്ചതാണ് വയനാട് ജില്ല. സഹ്യപർവ്വതം,സൂചിപ്പാറ, മീൻമുട്ടി വെള്ളച്ചാട്ടങ്ങൾ, ചെമ്പ്ര, പൂക്കോട് തടാകങ്ങൾ എന്നിവ പ്രശസ്തമായ വിനോദ സഞ്ചാര കേന്ദ്രങ്ങൾ ആണ്. എൻ  ഊര് ആദിവാസി ഗ്രാമം, ബാണാസുര സാഗർ ഡാം, എടക്കൽ ഗുഹ, വയനാട് വന്യജീവി സങ്കേതം എന്നിവയാലും പ്രസിദ്ധമാണ് വയനാട് ജില്ല.

## കണ്ണൂർ

തറികളുടെയും തിറകളുടെയും നാട് എന്നാണ് കണ്ണൂർ അറിയപ്പെടുന്നത്. വടക്കൻ കേരളത്തിലെ അനുഷ്ഠാനകലയായ തെയ്യത്തിന് പേരുകേട്ട സ്ഥലമാണ് കണ്ണൂർ. ഏഷ്യയിലെ ഏറ്റവും വലിയ ഡ്രൈവ്- ഇൻ ബീച്ചായ മുഴപ്പിലങ്ങാട് ബീച്ച് കണ്ണൂരിലാണ്. സെന്റ് ആഞ്ചലോസ് കോട്ട കണ്ണൂർ ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്.

## കാസർഗോഡ്

സപ്തഭാഷാ സംഗമ ഭൂമി എന്നാണ് കാസർഗോഡ് അറിയപ്പെടുന്നത്. കാരണം ഇവിടെ ഏഴ് ഭാഷകൾ സംസാരിക്കുന്നവരുണ്ട്.   കേരളത്തിന്റെ ഏറ്റവും വടക്കേ അറ്റത്തുള്ള ജില്ലയാണ് കാസർഗോഡ്. കേരളത്തിലെ ഏറ്റവും വലിയ കോട്ടയായ ബേക്കൽ കോട്ട കാസർഗോഡ് ജില്ലയിലാണ്.



രഘുറാം ആർ ജി
കാർത്തിക് കൃഷ്ണ എസ്
ഇലൻ റിഹാൻ
ശ്രേയ തെരേസ്
ഹൃദ്യ കെ എസ്
ഗൗതം ഗോകുൽ
അഭിനവ് വിനോദ്
ഫിൽസ  ഫാത്തിമ. ടി.കെ

ആമ്പൽ വിദ്യാർത്ഥികൾ

# കേരളം - ചില വസ്തുതകൾ



ഹൃദ്യ കെ എസ്
ആമ്പൽ

* കേരളം രൂപം കൊണ്ടത് - 1956 നവംബർ 1
* കേരളത്തിന്റെ വിസ്തീർണ്ണം - 38863 ച.കി.മീ
* തലസ്ഥാനം - തിരുവനന്തപുരം
* കേരളത്തിലെ ജില്ലകൾ - 14
* ഔദ്യോഗിക പുഷ്പം - കണിക്കൊന്ന
* ഔദ്യോഗിക പക്ഷി - മലമുഴക്കി വേഴാമ്പൽ
* ഔദ്യോഗിക മൃഗം - ആന
* ഔദ്യോഗിക വൃക്ഷം - തെങ്ങ്
* ഔദ്യോഗിക മത്സ്യം - കരിമീൻ
* ഔദ്യോഗിക പാനീയം - കരിക്കിൻ വെള്ളം
* ഔദ്യോഗിക ഫലം - ചക്ക
* ഔദ്യോഗിക ചിത്രശലഭം - ബുദ്ധമയൂരി



# അതിജീവനം



കാർത്തിക് കൃഷ്ണ എസ്
ആമ്പൽ

നാട്ടിലെ ഒരു പഴയ തറവാട്ടിലെ അടുക്കളയിൽ ആയിരുന്നു കുഞ്ഞനും ജ്ഞോനനും കൂട്ടുകാരും ജീവിച്ചിരുന്നത്. അമ്മച്ചി ഉണ്ടാക്കുന്ന രുചിയേറിയ കറികളും ചോറുവറ്റുകളും പഞ്ചാരപാത്രങ്ങളും പലതരം പലഹാരങ്ങളും നിറഞ്ഞ ഒരു സ്വർഗ്ഗമായിരുന്നു അത്. അവരുടെ ലോകം ആ അടുക്കളയും അതിനപ്പുറമുള്ള മാവിന്റെ ചോട്ടിലെ മൺപുറ്റുകളും ഒക്കെ ആയിരുന്നു. രാവും പകലും അവർ തങ്ങളുടെ റാണിക്കുവേണ്ടി അദ്ധ്വാനിച്ചു.

അങ്ങനെ, ഒരു ദിവസം പണിയെല്ലാം എടുത്ത് ക്ഷീണിച്ചു വിശന്നിരിക്കുമ്പോൾ, അടുക്കളയിൽ നിന്നും നല്ല പലഹാരത്തിന്റെ മണം വരുന്നു. മൂപ്പൻ ഉറുമ്പ് പറഞ്ഞു : "ഞാൻ നോക്കിയിട്ട് വരാം. നല്ല ലഡ്ഡുവിന്റെ മണം "

മൂപ്പൻ കുഞ്ഞനെയും അവന്റെ കൂട്ടുകാരെയും കൂട്ടി അടുക്കളയിൽ എത്തി.

"എന്തൊരു മണം!" കുഞ്ഞൻ പറഞ്ഞു. "നമുക്ക് റാണിക്ക് വേണ്ടി ഇതിൽനിന്ന് ഒരു തരി കൊണ്ടു പോകാം"

അങ്ങനെ അവർ മൂന്നുപേരും കൂടി ലഡ്ഡു പൊതിയുടെ അകത്തെത്തിയപ്പോഴേക്കും പെട്ടെന്ന് പാത്രം അടഞ്ഞു ! ചുറ്റും കൂരിരുട്ട് ! അവർ പേടിച്ചു വിറച്ചു. പിന്നീട് മണിക്കൂറുകളോളം നീണ്ട കുലുക്കവും, വിചിത്രമായ ഇരമ്പലുകളും, ഉയർച്ച താഴ്ചകളും - അവർക്ക് ഒന്നും മനസ്സിലായില്ല.

എത്രനേരം അങ്ങനെ കഴിഞ്ഞു എന്ന് അറിയില്ല. ഒടുവിൽ പാത്രം തുറക്കപ്പെട്ടു. പുറത്തേക്ക് വന്നത് കണ്ണഞ്ചിപ്പിക്കുന്ന പുതിയ വെളിച്ചമായിരുന്നു. അവർ പതുക്കെ പുറത്തിറങ്ങി. അവരുടെ കൊച്ചുതലകൾ ചുറ്റും നോക്കി : ഇതെവിടെയാണ് ? സ്ഥിരം കാണുന്ന ചാണകം മെഴുകിയ തറയല്ല; മിനുസമുള്ള ഏതോ വിചിത്രമായ നിലം . അടുക്കളയിലെ പരിചിതമായ ഗന്ധങ്ങൾ ഇല്ല ; അമ്മച്ചിയെയും കാണുന്നില്ല.

പുറത്തേക്ക് നോക്കിയപ്പോൾ അവർ ഞെട്ടിപ്പോയി - മാവ് മരത്തിന്റെ സ്ഥാനത്ത് ആകാശം മുട്ടുന്ന ചില്ലുകൊട്ടാരങ്ങൾ ! ചെടികൾക്കും പൂക്കൾക്കും പോലും അവർക്കറിയാത്ത രൂപവും നിറവും.

"ഇത് നമ്മുടെ നാടല്ല " മൂപ്പനുറുമ്പ് വിറയലോടെ പറഞ്ഞു. "നമ്മുടെ പുറ്റും റാണിയും എവിടെ? നമ്മൾ പുതിയൊരു ലോകത്തെത്തിയിരിക്കുന്നു. നോക്കൂ, ഇവിടത്തെ ഭക്ഷണത്തിന്റെ തരികൾക്ക് പോലും വേറെ രുചിയാണ് ! "

കുഞ്ഞന്റെ മനസ്സിൽ വീടിന്റെ ഓർമ്മകൾ നിറഞ്ഞു . മഴ പെയ്ത മണ്ണ് കുതിർന്ന മണം, കൂട്ടുകാരുമായി വരിവരിയായി നടന്നുപോയ വഴികൾ, റാണിയുടെ സുരക്ഷിതമായ സാമീപ്യം - എല്ലാം അവന് നഷ്ടപ്പെട്ടു.



എന്നാൽ ദിവസങ്ങൾ കടന്നുപോയി. അവർ ആ പുതിയ സാഹചര്യവുമായി പൊരുത്തപ്പെടാൻ തുടങ്ങി . പുതിയ വഴികൾ കണ്ടെത്തി. പുതിയതരം ഭക്ഷണം ശേഖരിക്കാൻ പഠിച്ചു. ഒരു ജനലിന്റെ മൂലയിലുള്ള വിള്ളലിൽ അവർ തങ്ങളുടെ പുതിയ വീട് പണിതു.

കുഞ്ഞൻ കൂട്ടുകാരനോട് ചോദിച്ചു : "നമ്മുടെ പഴയ കൂട്ടുകാരൊക്കെ നമ്മളെ ഓർക്കുന്നുണ്ടാകുമോ ? "

മൂപ്പൻ ഉറുമ്പ് അവന്റെ അടുത്തെത്തി പറഞ്ഞു : " ഓർക്കുന്നുണ്ടാകും. പക്ഷേ ജീവിതം മുന്നോട്ടു പോകണം.  ദേശം മാറിയാലും നിറം മാറിയാലും നമ്മൾ ഉറുമ്പുകൾ ആണ്. നമ്മുടെ നിയമം ഒന്നുതന്നെ. ഒരുമിച്ചു നിൽക്കുക, അതിജീവിക്കുക. ഇവിടെ നമ്മൾ ഒരു പുതിയ കോളനി തുടങ്ങും. നമ്മുടെ റാണി ഇവിടെ നമ്മൾ തന്നെ. "

കുഞ്ഞൻ അത് കേട്ട് നിശബ്ദനായി. ശരിയാണ് അവർക്ക് അവരുടെ പഴയ ലോകം നഷ്ടപ്പെട്ടു. ആ പഴയ ഓർമ്മകൾ നെഞ്ചിലേറ്റി, പുതിയൊരു രാജ്യത്തെ പുതിയൊരു ജീവിതം കെട്ടിപ്പടുക്കാൻ അവർ പരസ്പരം ധൈര്യം നൽകി. ആ പുതിയ മണ്ണിൽ തങ്ങളുടെ യാത്ര തുടർന്നു. ദേശങ്ങൾക്കും അതിരുകൾക്കും അപ്പുറം അതിജീവനത്തിന്റെ ഒരു പുതിയ കഥ രചിക്കുകയായിരുന്നു ആ കുഞ്ഞനുറുമ്പുകൾ .



## എന്റെ അക്വേറിയം

ഒത്തിരി മീനുണ്ട് എന്റെ വീട്ടിൽ
പച്ചയും മഞ്ഞയും നീലയും ചോപ്പും
മിന്നി തിളങ്ങുന്ന തുള്ളി കളിക്കുന്ന
ചന്തത്തിൽ നീന്തുന്ന അക്വേറിയത്തിൽ



അഹാൻ എ
കണിക്കൊന്ന

## പൂക്കൾ

കൊച്ചു കൊച്ചു പൂക്കൾ
നിറങ്ങളുള്ള പൂക്കൾ
ചന്തമാർന്ന പൂക്കൾ
എന്തു നല്ല പൂക്കൾ



ജസ്‌ലിൻ ഫാത്തിമ
കണിക്കൊന്ന

# എന്റെ കോയമ്പത്തൂർ യാത്ര



ഭരത് വാര്യർ
സൂര്യകാന്തി

ഡിസംബർ 25ാം തിയ്യതി രാവിലെ ഞങ്ങൾ കാറിൽ കോയമ്പത്തൂരിലേക്ക് യാത്ര തുടങ്ങി. വൈകുന്നേരത്തോടെ അവിടെ എത്തി. വഴിയിൽ വളരെ ട്രാഫിക്ക് ഉണ്ടായിരുന്നു. ഞാൻ കാറിൽ പുറത്തേക്ക് നോക്കിയിരുന്നു. ഞങ്ങൾ ഭാരതീയാർ യൂണിവേഴ്സിറ്റി ക്യാമ്പസ്സിൽ ആണ് താമസിച്ചത്. അവിടെ ഒരു കാട് പോലെയാണ്. ധാരാളം മയിലുകൾ ഉണ്ടായിരുന്നു. മയിലുകളെ കാണാൻ നല്ല ഭംഗിയായിരുന്നു. ഞങ്ങളുടെ മുറിയുടെ ചുറ്റും അവ നടക്കുമായിരുന്നു.

ഒരു ദിവസം ഞങ്ങൾ കാട്ടുപന്നികളുടെ ഒരു കുടുംബത്തെ കണ്ടു. അവയെ കണ്ടപ്പോൾ അമ്മയ്ക്ക് ഭയമായി. ഞാൻ ചിരിച്ചു. അവിടെ ചെമ്പോത്ത് പക്ഷികളെയും കണ്ടു. അവ കാക്കയെക്കാൾ വലുതായിരുന്നു. അടുത്ത ദിവസം ഞങ്ങൾ പറമ്പിക്കുളം വനത്തിലേക്ക് പോയി. കാടിനുള്ളിലൂടെ കാറിൽ പോകാൻ നല്ല രസമായിരുന്നു. പക്ഷേ വഴിയിൽ വളവുകൾ വളരെ കൂടുതലായിരുന്നു. എനിക്ക് തല കറങ്ങി.

തിരിച്ച് വരുമ്പോൾ നദിക്കരയിൽ കാർ നിർത്തി. ഞങ്ങൾ നദിയിൽ കുളിച്ചു. വെള്ളം നല്ല തണുത്തത് ആയിരുന്നു. ഞാൻ വിറച്ച് തുടങ്ങി. ചെറിയ കോവൈ മീനുകൾ എന്റെ കാലിൽ കടിച്ചു. എനിക്ക് ചിരിയാണ് വന്നത്. അടുത്ത ദിവസം കുറ്റാലം വെള്ളച്ചാട്ടം കാണാൻ പോയി. അവിടെ എത്താൻ കുറേ നടക്കേണ്ടി വന്നു. വഴിയിൽ ധാരാളം കുരങ്ങൻമാർ ഉണ്ടായിരുന്നു. ഒരു ലങ്കൂറിനെയും ഞാൻ കണ്ടു. വെള്ളച്ചാട്ടത്തിലെ വെള്ളം വളരെ തണുത്തതും ശക്തവും ആയിരുന്നു. ഞാൻ ഒരിക്കൽ മാത്രം വെള്ളത്തിലിറങ്ങി. പിന്നെ ഞങ്ങൾ ചൂടുള്ള ബജ്ജിയും പൊട്ടറ്റോ ട്വിസ്റ്ററും കഴിച്ചു. അത് വളരെ രുചികരമായിരുന്നു.

എനിക്ക് ഈ യാത്ര വളരെ ഇഷ്ടമായി. വീണ്ടും വീണ്ടും ഇങ്ങനെ യാത്ര പോകണമെന്ന് എനിക്ക് ആഗ്രഹമുണ്ട്.



# മണ്ടനായ കാക്ക



രഘുറാം ആർ ജി
ആമ്പൽ.

ഒരിക്കൽ ഒരിടത്ത് ഒരു പരുന്ത് ഉണ്ടായിരുന്നു. അത് ആകാശത്തിലൂടെ വളരെ വേഗത്തിലും ഉയരത്തിലും പറക്കുമായിരുന്നു. ഒരു ദിവസം അവൻ ഒരു ചെറിയ പ്രാവിനെ കണ്ടു, പരുന്ത് തന്റെ ചിറകുകൾ വിടർത്തി, പ്രാവിനെ ആക്രമിക്കാൻ തയ്യാറായി. അവൻ പ്രാവിന്റെ അടുത്തേക്ക് പറന്നു, പ്രാവിന് രക്ഷപ്പെടാൻ ഒരു സാധ്യതയും ഇല്ലായിരുന്നു. പരുന്ത് മൂർച്ചയുള്ള നഖങ്ങൾ കൊണ്ട് പ്രാവിന്റെ കഴുത്തിൽ പിടിച്ച് മുറുക്കി കൊന്നു. അവൻ അടുത്തുള്ള മരത്തിന്റെ കൊമ്പിൽ പോയി അതിനെ കഴിക്കാൻ തുടങ്ങി.

ഇതെല്ലാം കാണുന്ന ഒരു കാക്കയെ പരുന്ത് കണ്ടു. അങ്ങനെ, പരുന്ത് കാക്കയുടെ അടുത്തേക്ക് പോയി പറഞ്ഞു:
“കാക്കേ, നീയും എന്നെപ്പോലെ വേട്ടയാടാൻ ശ്രമിക്കു.”

കാക്കയോട് ഇത് പറഞ്ഞിട്ട് പരുന്ത് പോയി. കാക്ക ചിന്തിച്ചു:
“പരുന്ത് പറഞ്ഞത് ശരിയാ, ഞാനും പരുന്തിനെ പോലെ വേട്ടയാടാൻ നോക്കാം.”

പക്ഷേ കാക്കയ്ക്ക് അറിയില്ലായിരുന്നു, കാക്കയ്ക്ക് അതിന്റെ ഇരയെ കൊല്ലാൻ കഴിയില്ലെന്നും അത് പാറയിൽ ഇടിച്ച് മരിക്കുമെന്ന് പരുന്തിന് അറിയാമെന്നും. അത് ശരിക്കും ഒരു തന്ത്രമായിരുന്നു; പരുന്ത് സ്വന്തം ഇരയെ കൊല്ലാതെ തന്നെ ചത്ത കാക്കയിൽ നിന്ന് കുറച്ച് ഇറച്ചി എടുത്ത് കഴിക്കും.

അങ്ങനെ അടുത്ത ദിവസം, ഒരു പാറയിൽ ഇരിക്കുന്ന ഒരു ചെറിയ കുരുവിയെ കാക്ക കണ്ടു. കുരുവിയെ പിടിക്കാമെന്ന് വിചാരിച്ച കാക്ക ചിറകുകൾ വിടർത്തി ആക്രമിക്കാൻ തയ്യാറായി. പക്ഷേ കാക്ക കുരുവിയെ പിടിക്കുന്നതിന് മുമ്പ് തന്നെ കുരുവി പെട്ടെന്ന് പറന്നു പോയി. കാക്ക അടിതെറ്റി പാറയിൽ ഇടിച്ച് മരിച്ചു. തന്റെ പദ്ധതി വിചാരിച്ച പോലെ നടന്നതിന് പരുന്തിന് സന്തോഷമുണ്ടായി; മുഴുവൻ ദിവസവും പരുന്ത് കാക്കയെ തിന്നുകൊണ്ടിരുന്നു.

# മഴവില്ല്



വേദിക എസ്
കണിക്കൊന്ന

മലമുകളിലായി നീലാകാശത്തിൽ,
കണ്ടു ഞാൻ ഏഴുവർണ്ണങ്ങൾ ഉള്ള മഴവില്ല്.
സൂര്യനും മഴയും ഒരുമിക്കുമ്പോഴാണോ നീ വരുന്നേ?
നിനക്ക് എവിടുന്ന് കിട്ടി ഇത്രയും വർണ്ണങ്ങൾ ?

# പക്ഷികളുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ



വിഹാൻ ജയേഷ്
കണിക്കൊന്ന

1. അരിയെറിഞ്ഞാൽ ആയിരം കാക്ക.
2. ഒരു വെടിക്ക് രണ്ടു പക്ഷി.
3. കാക്ക കുളിച്ചാൽ കൊക്കാകുമോ .
4. അത്തിക്കായ പഴുത്തപ്പോൾ കാക്കയ്ക്ക് വായ്പുണ്ണ്.
5. കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്.
6. കാക്ക തിന്നുന്നത് കോഴിക്ക് കണ്ടു കൂടാ.
7. പണത്തിനു മീതെ പരുന്തും പറക്കില്ല.
8. കാക്കക്കൂട്ടിൽ കുയിൽ മുട്ട.
9. കോഴി കൂവിയില്ലെങ്കിൽ നേരം പുലരാതിരിക്കുമോ.
10. ആയിരം കോഴിക്ക് അരക്കാട.



# പഴഞ്ചൊല്ലുകൾ



പല്ലവി എസ് നിധി
സൂര്യകാന്തി

## ഓണച്ചൊല്ലുകൾ

1. ഓണം പിറന്നാലും ഉണ്ണി പിറന്നാലും കോരന് കുമ്പിളിൽ കഞ്ഞി.
2. ഓണാട്ടൻ വിതച്ചാൽ ഓണത്തിനു പുത്തരി .
3. കാണം വിറ്റും ഓണം ഉണ്ണണം.
4. ഓണത്തിനിടയിൽ പൂട്ടുകച്ചവടം.
5. ഉള്ളതുകൊണ്ട് ഓണം പോലെ.
6. അത്തം കറുത്താൽ ഓണം വെളുക്കും.
7. ഓണം വരാനൊരു മൂലം വേണം
8. അത്തം പത്തിന് പൊന്നോണം.
9. ഓണം കഴിഞ്ഞാൽ ഓലപ്പുര ഓട്ടപ്പുര.
10. ഉണ്ടെങ്കിൽ ഓണം പോലെ അല്ലെങ്കിൽ ഏകാദശി .

## ഭക്ഷണച്ചൊല്ലുകൾ



1. അന്നവിചാരം മുന്ന വിചാരം.
2. ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം.
3. അകത്തുട്ടിയെ പുറത്തുട്ടാവൂ .
4. ചക്കയ്ക്ക് ചുക്ക്.
5. അടച്ചുവെച്ച ചട്ടിയെ തുറന്നു നോക്കാവൂ.
6. അന്നബലം പ്രാണബലം.
7. ഉഴുതുണ്ണുന്നവനെ തൊഴുതുണ്ണണം.
8. എല്ലുമുറിയെ പണിയെടുത്താൽ പല്ലുമുറിയെ തിന്നാം.
9. അത്താഴമുണ്ടാൽ അരക്കാതം നടക്കണം.
10. അടുക്കളക്കലത്തിന് അഴക വേണ്ട.

# ഉരുളക്കുപ്പേരി



ധ്യാൻ നിത്യ രാജേഷ്
സൂര്യകാന്തി



# സാൽസ



ആഗ്നേയ് ആര്യമ്പിള്ളി
നീലക്കുറിഞ്ഞി.

ക്രിസ്മസ് വെക്കേഷൻ സമയത്ത് കൂട്ടുകാർ അവരവരുടെ നാട്ടിലേക്ക് പോയിരുന്നു. അങ്ങനെ ബോറടിച്ചിരിക്കുന്ന ഒരു ദിവസം അമ്മ പറഞ്ഞു, " കുഞ്ഞൂട്ടാ നമുക്ക് ഒരു സാൽസ ഉണ്ടാക്കിയാലോ?!"

അത് കേട്ടപ്പോൾ ഞാൻ എന്റെ കസേരയിൽ നിന്ന് ചാടി എഴുന്നേറ്റു. സാൽസ എന്നു പറഞ്ഞാൽ സിനിമ തീയേറ്ററിൽ നിന്ന് കഴിക്കുന്ന നാച്ചോസും സാൽസയും ആണ് മനസ്സിൽ വന്നത്; വായിൽ വെള്ളമൂറി. "പക്ഷേ, അമ്മയ്ക്ക്, മെക്സിക്കൻ സാൽസ ഉണ്ടാക്കാൻ ശരിക്കും അറിയാമോ?"


അമ്മയുടെ മുഖത്ത് ഒരു പരിഭവം - "എനിക്കെന്താ ഉണ്ടാക്കാൻ അറിയാത്തേ? പക്ഷേ ഇത് സാൽസയുടെ ഇന്ത്യൻ വേർഷൻ ആണെന്നു മാത്രം.

ഞാൻ പാചകക്കുറിപ്പ് കാണിച്ചുതരാം നിനക്ക് തന്നെ ഉണ്ടാക്കാവുന്നതേ ഉള്ളൂ. ഞാൻ അടുത്തു നിൽക്കാം".

ഞാൻ, ഒരു വലിയ തക്കാളിയും, ഒരു ചെറിയ സവാളയും, ഒരു പിടി മല്ലിയിലയും, ഒന്ന് രണ്ട് പച്ചമുളകുകളും നന്നായി കഴുകി, കഷണങ്ങൾ ആക്കി മിക്സിയുടെ ജാറിൽ ഇട്ടു. അതിലേക്ക് ഒരു ടീസ്പൂൺ കുരുമുളക് പൊടിയും, അര ടീസ്പൂൺ ജീരകപ്പൊടിയും, ആവശ്യത്തിന് ഉപ്പും ചേർത്ത് മിക്സിയിൽ വെച്ച്, മിക്സി, രണ്ടുമൂന്നു തവണയായി, ഓൺ ചെയ്ത്, ഓഫ് ചെയ്തു - എന്ന് വെച്ചാൽ, നല്ലവണ്ണം അരയാതെയുള്ള രൂപം ആക്കി.

എന്നിട്ട് ഒരു പാത്രത്തിലേക്ക് മാറ്റിയശേഷം അതിലേക്ക് നാരങ്ങ നീര് പിഴിഞ്ഞു.

സാൽസ റെഡിയായി. വീട്ടിൽ എല്ലാവർക്കും ഞാൻ ഉണ്ടാക്കിയ സാൽസ വളരെ ഇഷ്ടപ്പെട്ടു.



## ഒരുമിച്ചാൽ എല്ലാം സാധ്യം




ആദിത്യ ആർ
സൂര്യകാന്തി

ഒരു സ്‌കൂളിലെ അഞ്ചാം ക്ലാസിൽ, കുട്ടികൾക്ക് ഒരു ഓൺലൈൻ ഗ്രൂപ്പ് പ്രോജക്ട് ടീച്ചർ നൽകി. ഓരോ കുട്ടിയും തനിയെ തന്നെ ചെയ്യാമെന്ന് കരുതി. ചിലർക്ക് ഇന്റർനെറ്റ് പ്രശ്നങ്ങൾ നേരിട്ടു , ചിലർക്ക് വിഷയം മനസ്സിലായില്ല, മറ്റു ചിലർക്ക് സമയം ക്രമീകരിക്കാൻ ബുദ്ധിമുട്ടുണ്ടായി. അതിനാൽ ആരും പ്രോജക്ട് പൂർണമായി തീർത്തില്ല.

അപ്പോൾ ആദിത്യ പറഞ്ഞു: "നമ്മളെല്ലാവരും ഒരുമിച്ച് പ്രവർത്തിച്ചാൽ ഇത് എളുപ്പമാകും "

കുട്ടികൾ ആദിത്യയുടെ വാക്കുകൾ അംഗീകരിച്ചു. ഒരാൾ വിവരങ്ങൾ ശേഖരിച്ചു, മറ്റൊരാൾ ചിത്രങ്ങളും ചാർട്ടുകളും തയ്യാറാക്കി, മറ്റൊരാൾ അവതരണവും സംസാരവും തയ്യാറാക്കി. എല്ലാവരും ചേർന്ന് ഒരു നല്ല വീഡിയോ പ്രൊജക്റ്റ് ഉണ്ടാക്കി ടീച്ചറിന് അയച്ചു. ടീച്ചർ പ്രോജക്ട് ശ്രദ്ധയോടെ കണ്ടു. സന്തോഷത്തോടെ പറഞ്ഞു: " നിങ്ങൾ കൂട്ടായി പരിശ്രമിച്ചതിനാൽ ആണ് നിങ്ങൾ വിജയിച്ചത് "



## എന്റെ പൂച്ച



ധ്യാൻ കെ എസ്
കണിക്കൊന്ന

എനിക്കൊരു പൂച്ചയുണ്ട്.
സുന്ദരൻ പൂച്ചയാണ്.
തിളങ്ങുന്ന കണ്ണുണ്ട്.
നീളൻ മീശയുണ്ട്.
പാൽ കുടിയ്ക്കും, മീൻ കഴിയ്ക്കും.
ഞാൻ വിളിച്ചാൽ ഓടി വരും.
ഓടിച്ചാടി വരുമെൻ പൂച്ച.
സ്നേഹം നിറഞ്ഞ എൻ പൂച്ച.

## അനിയത്തി



സാൻവി എസ്
സൂര്യകാന്തി

എന്നനിയത്തി കുഞ്ഞനിയത്തി
കുസൃതിക്കുട്ടി കുഞ്ഞനിയത്തി
അടിപിടിക്കൂടി പിണങ്ങിയിരിക്കാം
കളിച്ചു ചിരിച്ചു നടന്നീടാം
കുറുമ്പിനു കൂട്ടായി കൂടീടാം
ചക്കരയുമ്മകൾ നൽകീടാം
എന്നനിയത്തി കുഞ്ഞനിയത്തി
കുസൃതിക്കുട്ടി കുഞ്ഞനിയത്തി



## ഒരു ഗോവൻ യാത്ര



ഹൃദ്യ എസ് നിധി
സൂര്യകാന്തി

ഡിസംബർ മാസത്തിൽ ആദ്യത്തെ ആഴ്ച എന്റെ അച്ഛൻ പറഞ്ഞു നമ്മൾ ഈ മാസം ഗോവയിൽ പോകും എന്ന്. അതുകേട്ടപ്പോൾ എനിക്ക് വളരെ സന്തോഷമായി. ഞാൻ എല്ലാ ദിവസവും ഗോവയെ കുറിച്ച് സ്വപ്നം കാണുകയായിരുന്നു. ജിജോഷ് മാമന്റെ ഫാമിലിയുടെ കൂടെയാണ് ഗോവയിൽ പോകുന്നത്. അങ്ങനെ ആ ദിവസം വന്നു. 21 ഡിസംബർ 2025 ഞങ്ങൾക്ക് സ്കൂൾ അവധിയായിരുന്നു. അന്നെനിക്ക് വളരെ സന്തോഷമായിരുന്നു. അന്നുച്ചക്കായിരുന്നു ട്രെയിൻ. ഞങ്ങൾ 2.30ന് യാത്ര തിരിച്ചു.

ഓരോ നിമിഷവും എനിക്ക് വളരെ സന്തോഷകരമായിരുന്നു. ഞങ്ങൾ റെയിൽവേ സ്റ്റേഷനിൽ എത്തി.ഞങ്ങൾ ട്രെയിൻ കയറി. ജിജോഷ് മാമന്റെ മകൾ ജുവാനയും എന്റെ അനുജത്തി പല്ലവിയും മുകളിലത്തെ ബെർത്തിൽ കയറി. ഞാനും എന്റെ അമ്മയും, അച്ഛനും, ജിജോഷ് മാമനും , ജിജോഷ് മാമന്റെ ഭാര്യയും, അവരുടെ മകൻ ജൊഹാനും സീറ്റിൽ ഇരിക്കുകയായിരുന്നു. ഞങ്ങൾ ഫോട്ടോയെടുത്തും, സംസാരിച്ചും, യൂണോ കാർഡ്സ് കളിച്ചുകൊണ്ടും യാത്ര തുടർന്നു. അങ്ങനെ രാത്രിയായപ്പോൾ ഭക്ഷണം കഴിച്ച് കിടന്നുറങ്ങി. രാവിലെ അവിടെ എത്തിയപ്പോൾ 'ഹില്ലോര' എന്ന ഹോട്ടലിൽ റൂമെടുത്ത്, ഫ്രഷ് ആയി ഭക്ഷണം കഴിച്ച്, ആദ്യം ഒരു ഫോർട്ടിലേക്ക് പോയി. ഉച്ചയ്ക്ക് നാടൻ ഫിഷ് താലി കഴിച്ചു. വൈകുന്നേരം 'ബാഗാ' ബീച്ചിലേക്ക് പോയി. രണ്ടാമത്തെ ദിവസം ഒരു പള്ളിയിലും പോയി.

മൂന്നാമത്തെ ദിവസം ഞങ്ങൾ രാവിലെ നീന്തൽ കുളത്തിൽ ഇറങ്ങി കളിച്ചു. വൈകുന്നേരം മാർക്കറ്റിൽ പോയി കുറെ സാധനങ്ങൾ വാങ്ങിച്ചു. എന്നിട്ട് രാത്രി ട്രെയിൻ കയറി ബാംഗ്ലൂരിൽ എത്തി. വളരെ സന്തോഷകരമായ യാത്രയായിരുന്നു.

# അതിജീവിത



നിസ്മ ഫാത്തിമ ജുമാ
നീലക്കുറിഞ്ഞി

അവൾ അതിജീവിത

ഒരുനാൾ നഗരത്തിൻ നടുവിൽ

ഒരു കൂട്ടം കശ്മലർക്കിടയിൽ പെട്ടവൾ

മാനത്തിനായ് കേണപേക്ഷിച്ചപ്പോൾ

അവൾ നിസ്സഹായയായിരുന്നു

കാട്ടാളൻമാർക്കത് വെറും തമാശ മാത്രം

സംയമനം വീണ്ടെടുത്തവൾ

പൊരുതാനുറച്ചപ്പോൾ

കശ്മലൻമാർ അഴിക്കുള്ളിലായ്

അവളോ അതിജീവിതയും



# ഒരു പാവം കർഷകൻ



പ്രിയദർശ് പ്രവീൺ
സൂര്യകാന്തി

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒരു കർഷകൻ ജീവിച്ചിരുന്നു. അദ്ദേഹം വളരെ കഷ്ടപ്പെട്ടാണ് ജീവിച്ചിരുന്നത്. വളരെക്കാലത്തെ കാത്തിരിപ്പിന് ശേഷം വിളവെടുപ്പിന് സമയമായി. കർഷകൻ വളരെ സന്തോഷത്തോടെ വിളവെടുപ്പിന് വേണ്ട തയ്യാറെടുപ്പുകൾ നടത്തി. അന്ന രാത്രി അപ്രതീക്ഷിതമായി ഭയങ്കര കാറ്റും മഴയും വന്നു. മുഴുവൻ കൃഷിയും നശിച്ചു പോയി.

കർഷകന് ആകെ സങ്കടമായി, അയാൾ എല്ലാം ഉപേക്ഷിച്ചു അവിടെ നിന്നും യാത്രയായി. എങ്ങോട്ടെന്നില്ലാതെ അലഞ്ഞുതിരിഞ്ഞ് ദിവസങ്ങൾ കടന്നുപോയി, ക്ഷീണിച്ച് അവശനായ കർഷകൻ ഒരു ആൽമരത്തിന് കീഴിൽ വിശ്രമിച്ചു. അപ്പോൾ അതുവഴി വേഷം മാറി പ്രജാക്ഷേമം അന്വേഷിച്ചിറങ്ങിയ രാജാവ് കർഷകനെ കാണാനിടയായി. രാജാവ് കർഷകന്റെ അടുത്ത് ചെന്ന് കാര്യങ്ങൾ അന്വേഷിച്ചു, നടന്നതെല്ലാം കർഷകൻ വിവരിച്ചു. രാജാവിന് സങ്കടമായി. തന്റെ പണവും സ്വർണവും കർഷകന് സമ്മാനിച്ചു രാജാവ് അവിടെ നിന്നും മടങ്ങി. കർഷകൻ തിരിച്ചു ഗ്രാമത്തിൽ പോയി വീണ്ടും കൃഷി ചെയ്തു സന്തോഷമായി ജീവിച്ചു.

# ഒരു കുടക്കീഴിൽ



റിതാൻ ആർ എസ്
സൂര്യകാന്തി

അന്നൊരു വെള്ളിയാഴ്ചയായിരുന്നു. വൈകുന്നേരം സ്ക്കൂൾ വിട്ടപ്പോൾ കോരിച്ചൊരിയുന്ന മഴ. വീട്ടിൽ എങ്ങനെ പോകും എന്ന് ആലോചിച്ച് വരാന്തയിൽ നിന്ന അമൽ അപ്പുവിന്റെ വിളികേട്ട് തിരിഞ്ഞ് നോക്കി.

"എന്താ ഇന്ന് കുട എടുത്തില്ലേ"? ഇല്ലെന്ന് പറഞ്ഞ് അമൽ തലയാട്ടി.. ശരി. എന്നാൽ എന്റെ കൂടെ വരൂ.. എന്ന് അപ്പു പറഞ്ഞു.

രണ്ടുപേരും ഒന്നിച്ച് നടന്നു തുടങ്ങി. ഒരേ ക്ലാസ്സിൽ ആണെങ്കിലും അമൽ ഇതുവരെ അപ്പുവിനോട് കാര്യമായി മിണ്ടിയിട്ടില്ല. അപ്പു മുൻ ബെഞ്ചിൽ, പഠിപ്പിസ്റ്റ് കുട്ടി ആയിട്ടാണ് അറിയപ്പെട്ടിരുന്നത്.. അമലാണെങ്കിൽ ബാക്ക് ബെഞ്ചറും.. ടീച്ചറുടെ വഴക്ക് കേൾക്കുന്നവനും.

വർത്തമാനം പറഞ്ഞ് തുടങ്ങിയപ്പോൾ അപ്പുവിനെക്കുറിച്ച് വിചാരിച്ചത് തെറ്റായിരുന്നെന്ന് അമലിന് തോന്നി. വർത്തമാനം പറഞ്ഞു പറഞ്ഞു അവർ കുറേ ദൂരം നടന്നു. നടത്തത്തിനിടയിൽ മഴ കനത്തതും കാറ്റു വീശിയതും ഒന്നും അവർ അറിഞ്ഞില്ല. രണ്ടുപേരും വർത്തമാനം പറയുന്ന തിരക്കിലായിരുന്നു. നടന്ന് നടന്ന് വീട് എത്തിയപ്പോൾ ആണ് സമയം ഒരുപാട് കഴിഞ്ഞു പോയെന്ന് അവർക്ക് മനസ്സിലായത്. ഒരേ ക്ലാസ്സിൽ ആയിട്ടും അപ്പുവിനോട് ഇതുവരെ മിണ്ടാതിരുന്നത് മോശമായിപ്പോയെന്ന് അമലിന് തോന്നി. മഴയത്ത് ഒന്നിച്ചുള്ള യാത്ര രണ്ടുപേരെയും പ്രിയപ്പെട്ട ചങ്ങാതിമാരാക്കി.

പോകും നേരം, തന്റെ കീശയിൽ ഉണ്ടായിരുന്ന ഒരു നെല്ലിക്ക അമൽ എടുത്ത് അപ്പുവിന് കൊടുത്തു. എന്നിട്ട് ശനിയും ഞായറും കളിക്കാൻ വരാൻ പറഞ്ഞു.

ഒരു ചിരിയോടെ അപ്പു വീട്ടിലേക്ക് നടന്നു

വീടിന്റെ വരാന്തയിൽ ഇരുന്ന് ചൂടുകാപ്പിയും പലഹാരവും കഴിക്കുന്നതിനിടയിൽ അമൽ ഓർത്തു.. ഒരു കുഞ്ഞുമഴ മതിയായിരുന്നു പുതിയ ഒരു സൗഹൃദം ഉണ്ടാക്കിയെടുക്കാൻ എന്ന്...

വൈകുന്നേരത്തെ മഴ അപ്പോഴും കനത്ത് പെയ്യുന്നുണ്ടായിരുന്നു.



# രസകരമായ വസ്തുതകൾ



സിദ്ധാർഥ് രാജേഷ്
കണിക്കൊന്ന

1. ഭൂമിയിലെ ശുദ്ധജലത്തിന്റെ 90% അന്റാർട്ടിക്കയിലാണ് ഉള്ളത്.
2. മിക്ക ആനകളുടേയും ഭാരം, ഒരു ബ്ലൂ വെയിലിന്റെ നാവിന്റെ ഭാരത്തേക്കാൾ കുറവാണ്.
3. ലോകത്തിലെ ഏറ്റവും വേഗതയേറിയ പക്ഷി പെരഗ്രിൻ ഫാൽക്കൺ ആണ്. ഇതിന് മണിക്കൂറിൽ 168 -217 മൈൽ വേഗത്തിൽ പറക്കാൻ കഴിയും.
4. സ്ട്രോബെറി എന്ന ഫലത്തിനാണ് വിത്തുകൾ പുറത്തുള്ളത്. ഒരു സ്ട്രോബെറിയിൽ ഏകദേശം 200 വിത്തുകൾ ഉണ്ടാകും.
5. ചീറ്റ ആണ് ലോകത്തിലെ ഏറ്റവും വേഗമേറിയ കരജീവി . ഇത് 3 സെക്കൻഡിനുള്ളിൽ മണിക്കൂറിൽ 60 മൈൽ വേഗത കൈവരിക്കും. അത് മിക്ക സ്പോർട്സ് കാറുകളേക്കാളും വേഗമാണ്.
6. പശുക്കൾക്ക് പടികൾ കയറാൻ കഴിയും, പക്ഷെ ഇറങ്ങി വരാൻ കഴിയില്ല.
7. ഹമ്മിംഗ് പക്ഷികൾക്ക് പിന്നോട്ട് പറക്കാൻ കഴിയും. ഇത് മറ്റ് പക്ഷികൾക്ക് കഴിയില്ല.
8. ജെല്ലിഫിഷുകളും ലോബ്സ്റ്ററുകളും വാർദ്ധക്യം മൂലം മരിക്കാറില്ല.

# എന്റെ നാട്



സമീക്ഷശ്രീ എസ്
സൂര്യകാന്തി

എത്ര സുന്ദരമാണീ എന്റെ നാട് ...
എത്ര സുന്ദരമാണീ എന്റെ നാട് ...

നെൽകൃഷിയുടെയും, പുഴകളുടെയും,
മലകളുടെയും നാടാണെന്റെ നാട്

എത്ര സുന്ദരമാണീ എന്റെ നാട് ...
എത്ര സുന്ദരമാണീ എന്റെ നാട് ...

പച്ചപ്പ് നിറഞ്ഞ കേരങ്ങളുടെ നാടാണ്
ഉത്സവങ്ങളുടെയും നാടാണെന്റെ നാട്

എത്ര സുന്ദരമാണീ എന്റെ നാട് ...
എത്ര സുന്ദരമാണീ എന്റെ നാട് ...



# കൂട്ടുകാർ



പാർവണ എ കെ
സൂര്യകാന്തി

ഒരിക്കൽ രണ്ടു കൂട്ടുകാർ സഞ്ചരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അങ്ങനെ യാത്രയുടെ ഇടയിൽ ഒരു തർക്കത്തെ തുടർന്ന് ഒരു കൂട്ടുകാരൻ മറ്റേ കൂട്ടുകാരനെ തല്ലി. അടികൊണ്ട കൂട്ടുകാരന് ഒരുപാട് വേദനിച്ചു, പക്ഷേ അവൻ ഒന്നും പറഞ്ഞില്ല, മറിച്ച് ആ മണലിൽ എഴുതി. "ഇന്ന് എന്റെ പ്രിയ കൂട്ടുകാരൻ എന്റെ മുഖത്തടിച്ചു". അങ്ങനെ അവർ വീണ്ടും യാത്ര തുടർന്നു. യാത്രയുടെ ഇടയിൽ അവർക്ക് ഒരു കുളം കണ്ടെത്താൻ സാധിച്ചു. അങ്ങനെ അവർ രണ്ടാളും അതിലെ വെള്ളം കുടിക്കാൻ ഇറങ്ങിയപ്പോൾ ആദ്യത്തെ അടികൊണ്ട കൂട്ടുകാരൻ ഒരു ചെളിക്കുഴിയിൽ അകപ്പെട്ട് മുങ്ങാൻ തുടങ്ങി, പക്ഷേ അവന്റെ പ്രിയ കൂട്ടുകാരൻ അവനെ രക്ഷിച്ചു. പിന്നീട് അവൻ രക്ഷപ്പെട്ടതിനുശേഷം അവിടെയുള്ള ഒരു കല്ലിൽ  എഴുതി.  "ഇന്ന് എന്റെ പ്രിയ കൂട്ടുകാരൻ എന്റെ ജീവൻ രക്ഷിച്ചു". അപ്പോൾ ആ പ്രിയ കൂട്ടുകാരൻ അവനോട് ചോദിച്ചു, ഞാൻ നിന്നെ വേദനിപ്പിച്ചപ്പോൾ അത് നീ മണലിൽ എഴുതി എന്നാൽ ഇപ്പോൾ എന്തുകൊണ്ടാണ് നീ അത് കല്ലിൽ എഴുതിയത്? അപ്പോൾ അവൻ പറഞ്ഞു ആരെങ്കിലും നമ്മളെ വേദനിപ്പിക്കുമ്പോൾ അത് നമ്മൾ മണലിൽ എഴുതി വെക്കണം.അങ്ങനെയാകുമ്പോൾ കാറ്റിന് അതിനെ മായ്ച്ചുകളയാൻ സാധിക്കും. പക്ഷേ ആരെങ്കിലും നമുക്ക് നല്ലത് ചെയ്തു തന്നാൽ അത് നമ്മൾ കല്ലിൽ കൊത്തിവയ്ക്കണം. ഒരു കാറ്റിനും മായ്ക്കാൻ പറ്റാത്തതുപോലെ.

# മാജിക് പുസ്തകം



ഗൗതം ഗോകുൽ
ആമ്പൽ

മഹാ മടിയനായ രാമു , പാഠപുസ്തകങ്ങൾ പഠിക്കുന്നതിലും ഗൃഹ പാഠങ്ങൾ ചെയ്യുന്നതിലും ഒട്ടും താല്പര്യം കാണിച്ചിരുന്നില്ല .ഒരിക്കൽ ഗൃഹപാഠങ്ങൾ ചെയ്യാതിരുന്നതിനാൽ രാജഗോപാലൻ മാഷ് അവനെ ചൂരൽ കൊണ്ട് തല്ലി . എങ്കിലും പഠനത്തിൽ മുന്നേറാനും,  പ്രയത്നിക്കാനും അവൻ തയ്യാറായിരുന്നില്ല .സ്കൂൾ വിട്ടു പോവും വഴി കുട്ടികളുടെ കളിയാക്കൽ സഹിക്കാവുന്നതിലും അപ്പുറത്തായിരുന്നു. അപ്പോഴും മടി മാറ്റാൻ തയ്യാറല്ലാതിരുന്ന രാമു ഗൃഹപാഠങ്ങൾ പൂർത്തിയാക്കാനുള്ള എളുപ്പവഴികൾ ആലോചിച്ചു കൊണ്ടിരുന്നു. അവൻ എളുപ്പവഴികൾക്കായിട്ട് ദൈവത്തോട് പ്രാർത്ഥിക്കുന്നത് അവന്റെ കൂട്ടുകാരനായ സുദീപ് കേട്ടു. രാമുവിനെ ഒന്ന് നന്നാക്കാൻ സുദീപും തീരുമാനിച്ചു. രാമു അറിയാതെ സുദീപ് അന്നുമുതൽ ഗൃഹപാഠങ്ങൾക്കുള്ള ഉത്തരങ്ങൾ രാമുവിന്റെ മേശപ്പുറത്ത് കൊണ്ടു വച്ചു. ദൈവം കൊണ്ടു വെച്ചതാകാം എന്ന് കരുതി രാമു മേശപ്പുറത്തുള്ള പുസ്തകത്തിൽ നിന്നും ഗൃഹപാഠങ്ങൾ പകർത്തി എഴുതിക്കൊണ്ടിരുന്നു. രാജഗോപാലൻ മാഷിന്റെ അടിയിൽ നിന്നും തൽക്കാലം  രാമു രക്ഷപ്പെട്ടു . പാഠങ്ങൾ ഒന്നും പഠിക്കാതിരുന്ന രാമുവിന്പക്ഷേ അവന്റെ പരീക്ഷയിൽ വേണ്ടവിധം ഉത്തരങ്ങൾ എഴുതാൻ കഴിഞ്ഞില്ല. കൂട്ടുകാർ വീണ്ടും അവനെ കളിയാക്കാൻ തുടങ്ങി. തെറ്റുകൾ മനസ്സിലാക്കിയ രാമു അന്നുമുതൽ മടിയെല്ലാം മാറ്റിവച്ച് പഠിക്കാൻ തുടങ്ങി .

# എന്റെ ബേക്കൽ കോട്ട യാത്ര



ഹിബ ഫാത്തിമ
സൂര്യകാന്തി

കഴിഞ്ഞ ഡിസംബറിൽ നാട്ടിൽ പോയപ്പോൾ ഞങ്ങൾ കുടുംബമായി ബേക്കൽ കോട്ട സന്ദർശിച്ചു. ഞങ്ങളുടെ വീട്ടിൽ നിന്ന് ഏകദേശം 4 മണിക്കൂർ യാത്ര ഉണ്ടായിരുന്നു. ഞങ്ങൾ ആദ്യം കാസർകോട് തളങ്കരയിൽ മാലിക് ദിനാർ പള്ളി സന്ദർശിച്ചു. ചന്ദ്രഗിരിയുടെ തീരത്ത് എ ഡി 700 ൽ പണി കഴിപ്പിച്ചതാണത്രേ മനോഹരമായ ഈ പള്ളി. പള്ളിയുടെ ഭംഗി കണ്ട് ഞങ്ങൾ അത്ഭുതപ്പെട്ടു. അതിന് ശേഷം ഞങ്ങൾ ബേക്കൽ കോട്ടയിലേക്ക് പോയി. 375 കൊല്ലം മുമ്പ് അന്നത്തെ രാജാക്കന്മാർ പണിതതാണ് ഈ കോട്ട. കടലിനോട് ചേർന്ന് നിൽക്കുന്ന ഈ കോട്ട കണ്ട് ഞാൻ അത്ഭുതപ്പെട്ടു. കോട്ടയുടെ മുകളിൽ കയറി അറബിക്കടൽ കാണാൻ എന്ത് ഭംഗിയാണെന്നോ? ബേക്കൽ ബീച്ചിലെ ഫെസ്റ്റിവൽ അവിടെ കാണാൻ പറ്റി.

# അമ്മുവിന്റെ സ്വപ്നം



മിഴി നന്ദന എൻ
കണിക്കൊന്ന

ഒരിടത്ത് അമ്മു എന്ന് പേരുള്ള ഒരു കൊച്ചു പെൺകുട്ടി ഉണ്ടായിരുന്നു. അവൾക്ക് പൂക്കളേയും ചെടികളേയും ഒരു പാട് ഇഷ്ടമായിരുന്നു. അവളുടെ വീട്ടിൽ അവൾക്കൊരു കൊച്ചു പൂന്തോട്ടം ഉണ്ടായിരുന്നു. അതിൽ എന്നും പൂമ്പാറ്റകളും കിളികളും വരുമായിരുന്നു.

ഒരു ദിവസം അവൾക്ക് പുതിയൊരു ചെടി കിട്ടി. അവൾ അതിനെ അവളുടെ പൂന്തോട്ടത്തിൽ കൊണ്ടുപോയി നട്ടു. വെള്ളവും നനച്ചു. പിന്നീട് എല്ലാ ദിവസവും അത് വളരുന്നതും പൂവിടുന്നതും കാത്തിരുന്നു.

ഒരു ദിവസം രാവിലെ അവൾ ചെടിയുടെ അടുത്ത് ചെന്നപ്പോൾ ആകെ അത്ഭുതപ്പെട്ടു. ചെടി വളർന്ന് വലുതായിരിക്കുന്നു. അതിൽ നിറയെ വലിയ പൂക്കളും, ഇലകളും. ഇലകൾ, വലിയ ചവിട്ടുപടികൾ പോലെ തോന്നിച്ചു. അവൾ പതിയെ അതിൽ ചവിട്ടി കയറാൻ തുടങ്ങി. കയറി കയറി അതിന്റെ ഏറ്റവും മുകളിലെത്തി. പിന്നെ ആകാശത്തിലെ മേഘങ്ങളിലൂടെ നടന്ന് വലിയൊരു കൊട്ടാരത്തിലെത്തി. അവിടെ ഒരു രാജാവും രാജ്ഞിയും ഉണ്ടായിരുന്നു. അവർ അവൾക്ക് കൈനിറയെ സമ്മാനങ്ങൾ കൊടുത്തു. "മോളെ അമ്മു എഴുന്നേൽക്ക് " എന്ന് പറഞ്ഞ് അമ്മ തട്ടിവിളിച്ച പ്പോഴാണ് അമ്മു കണ്ണു തുറന്നത്. അപ്പോഴാണ് താൻ സ്വപ്നം കാണുകയായിരുന്നെന്ന് അവൾക്ക് മനസിലായത്. അവൾ പെട്ടെന്ന് എഴുന്നേറ്റ് ചെടിയുടെ അടുത്തേക്ക് ഓടിച്ചെന്നു. അപ്പോൾ അതിൽ ഒരു കുഞ്ഞുപൂവ് വിരിഞ്ഞ് നിൽക്കുന്നുണ്ടായിരുന്നു. അത് കണ്ടപ്പോൾ അവൾക്ക് ഒത്തിരി സന്തോഷമായി.

# പഴയകാല വീട്ടുപകരണങ്ങൾ



നിവേദിത നായർ
സൂര്യകാന്തി



1. കോടാലി



2. പാളവിശറി



3. വെള്ളിക്കോൽ



4. മെതിയടി



5. ചെല്ലപ്പെട്ടി



6. മുറം




7. ഓലത്തൊപ്പി



8. പത്തായം



9. തേപ്പ് പെട്ടി



10. ഉരുളി



11. മരിക



12. റാന്തൽ വിളക്ക്



13. ഏത്തക്കൊട്ട




14. അടച്ചൂറ്റി / അടപലക



15. പറ, ഇടങ്ങഴി, നാഴി



16. കടകോൽ / മത്ത്



17. ലോട്ട പാത്രം




18. മുള കൊട്ട




19. ഉരൽ, ഉലക്ക

# വർണ്ണലോകം






വേദിക എസ്
കണിക്കൊന്ന







രുദ്ര ദേവാൻഷ്
കണിക്കൊന്ന






ധ്യാൻ കെ എസ്
കണിക്കൊന്ന








ജോഹാൻ ജിതിൻ
കണിക്കൊന്ന





ഗസൽ മാധവ്
കണിക്കൊന്ന







ഇക്ഷ ശിവന്യ
കണിക്കൊന്ന



സിയ ഉണ്ണികൃഷ്ണൻ
കണിക്കൊന്ന








ശ്രേയ രാജേഷ്
കണിക്കൊന്ന



വിഹാൻ ജയേഷ്
കണിക്കൊന്ന








മിഴി നന്ദന എൻ
കണിക്കൊന്ന



ജസ്‌ലിൻ ഫാത്തിമ
കണിക്കൊന്ന



# നാൾ വഴികളിലൂടെ ...







മാതൃഭൂമി

ചരിത്രംകുറിച്ച് വിദ്യാർഥികൾ

## നീലക്കുറിഞ്ഞിയിൽ നൂറുശതമാനം വിജയം




















Let's Play




DISP
MENU

# നന്ദി

നമ്മുടെ ആദ്യത്തെ ഉദ്യമമായ ഈ സ്മരണികക്ക്
മനോഹരമായ പേര് നൽകിയ, അതിനനുസരിച്ച് ഭംഗിയുള്ള
മുഖചിത്രം വരച്ച, ഇത്രയും കൃതികൾ തന്ന് ഇതിനെ
സമ്പന്നമാക്കിയ എല്ലാ കുഞ്ഞു മക്കളെയും അനുമോദിക്കുന്നു.

ഇവരെ പ്രോത്സാഹിപ്പിച്ച ഗുരുനാഥകളോടും,
മാതാപിതാക്കളോടും അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

ഈ അപ്പൂപ്പൻതാടിയെ , നിറഭേദങ്ങളോടെ കൂടുതൽ
ഭംഗിയാക്കി പറത്തിവിടാൻ , രാപ്പകൽ അദ്ധ്വാനിച്ച പ്രസാധക
വൃന്ദത്തോടും അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

ഇതൊരു തുടക്കം മാത്രമാവട്ടെ....

--ടീം എഡിറ്റോറിയൽ




BRAHMOS
INDIA
Dr. APJ ABDUL KALAM MEMORIAL
MALAYALAM MISSION
മലയാളം മിഷൻ
ഡി ആർ ഡി ഒ മലയാളം മിഷൻ
സെൻട്രൽ സോൺ , ബാംഗ്ലൂർ